**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 469** — **22.03.2018 ൽ മറുപടിക്ക്**

**സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സി.കൃഷ്ണൻ**<br>**" കെ.ദാസൻ**<br>**" വി.അബ്ദുറഹിമാൻ**<br>**" എം. നൗഷാദ്** | **ശ്രീ. എ.സി. മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി ഇത്തരം വ്യവസായങ്ങൾക്ക് ഏറെ സാധ്യതയുള്ള കാർഷിക ഭക്ഷ്യ ഉല്പന്ന മേഖലയുടെ പുരോഗതിക്ക് കേരള അഗ്രോ ഫുഡ് പ്രോ 2018 എത്രമാത്രം പ്രയോജനപ്രദമാകമെന്ന് അറിയിക്കാമോ; | (എ) | കേരള അഗ്രോ ഫുഡ് പ്രോ 2018 ന്റെ ഭാഗമായി പ്രധാനമായും താഴെ പറയുന്ന മൂന്ന് കാര്യങ്ങൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്.<br>1) എം.എസ്.എം.ഇ, നാനോ എന്നീ മേഖലകളിലെ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും അനുബന്ധമായി അഗ്രോഫുഡ് മേഖലയ്ക്ക് ആവശ്യമായ യന്ത്രസാമഗ്രികളുടെ പ്രദർശനവും, റിസർച്ച്/ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂഷന്റെ പങ്കാളിത്തവും.<br>2) പങ്കെടുക്കുന്ന എം.എസ്.എം.ഇ യൂണിറ്റുകളുടേയും, നാനോ യൂണിറ്റുകളുടേയും ഉല്പന്നങ്ങൾ വാങ്ങാൻ താൽപര്യമുള്ള ബിസിനസ്സ് സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ബി 2 ബി -യ്ക്കുള്ള സൗകര്യം.<br>3) അഗ്രോഫുഡ് പ്രോ മേഖലയുമായി ബന്ധപ്പെട്ടിട്ടുള്ള സാങ്കേതിക വിദ്യയുടെ വികാസങ്ങൾ ഈ മേഖലയിലെ സംരംഭകർക്കും, പുതിയ സംരംഭകർക്കും പകർന്ന് നൽകുന്നതിനുള്ള സെമിനാറുകൾ.<br>ഇതു വഴി സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് നേരിട്ട് വിൽപ്പന സാദ്ധ്യമാകുന്നു എന്ന് മാത്രമല്ല ഈ മേഖലയിലെ നൂതനമായ യന്ത്രസാമഗ്രികൾ സംരംഭകർക്ക് പരിചയപ്പെടുത്തുവാൻ കഴിയുന്നു. അതുവഴി ഈ മേഖലയിൽ വിപുലീകരണവും ആധുനീകരണവും കൊണ്ടുവരുവാൻ സാധിക്കുന്നു. കൂടാതെ സെമിനാറുകളിലൂടെയും ടെക്നിക്കൽ |

| | | | |
|---|---|---|---|
| | | | ഇൻസ്റ്റിറ്റ്യൂഷന്റെ പങ്കാളിത്തത്തിലൂടെയും അഗ്രോഫുഡ് മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ സംരംഭകർക്ക് പരിചയപ്പെടാൻ കഴിയുന്നു. |
| (ബി) | സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് വായ്പ, സാങ്കേതിക വിദ്യ പരിശീലനം, വിപണി കണ്ടെത്തൽ തുടങ്ങിയവയ്ക്കായി സർക്കാർ നൽകി വരുന്ന പ്രോത്സാഹന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) | സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് വായ്പ, സാങ്കേതിക വിദ്യ, പരിശീലനം, വിപണി കണ്ടെത്തൽ തുടങ്ങിയവയ്ക്കായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് സാങ്കേതിക വിദ്യയും പരിശീലനവും പകർന്നു നൽകുന്നതിനായി സംരംഭകത്വ വികസന പരിപാടി,<br>• സംരംഭകത്വ ബോധവൽകരണ പരിപാടി,<br>• ടെക്നോളജി ക്ലിനിക്,<br>• ടെക്നോളജി മാനേജ്മെൻറ് ഡവലപ്മെൻറ് പ്രോഗ്രാം<br>• വ്യവസായ പ്രദർശനം,<br>• മെഷിനറി എക്സ്പോ,<br>• IITF (ഇന്ത്യ ഇൻറർനാഷണൽ ട്രേഡ് ഫെയർ),<br>• ദേശീയ അന്തർ ദേശീയ പരിപാടികൾ,<br>• കേരള അഗ്രോ ഫുഡ് പ്രോ,<br>• മലബാർ ക്രാഫ്റ്റ് മേള<br>• ടെക്നിക്കൽ ഫീസിബിലിറ്റി റിപ്പോർട്ട്(TFR),<br>• ഗാർഹിക നാനോ സംരംഭങ്ങൾക്കുള്ള സഹായ പദ്ധതി,<br>• സംരംഭകത്വ സഹായ പദ്ധതിയിലെ സ്റ്റാർട്ട് അപ്പ് അസിസ്റ്റൻസ് |
| (സി) | സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും അതിന് വേണ്ട അറിവ് പകർന്നുനൽകുന്നതിനും സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റിന് എത്രമാത്രം ഫലപ്രദമായി പങ്കുവഹിക്കാൻ സാധിച്ചിട്ടുണ്ടെന്ന് | (സി) | സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും അതിനു വേണ്ട അറിവ് പകർന്നു നൽകുന്നതിനുമായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് നടത്തിയ സംരംഭകത്വ വികസന പരിപാടികൾ (2017 -18) ചുവടെ ചേർക്കുന്നു. .<br>1. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ 9 ജില്ലകളിലായി 270 വിധവകൾക്കായി നടത്തിയ സംരംഭകത്വ വികസന പരിപാടികൾ . |

| | | | |
|---|---|---|---|
| | വിലയിരുത്തിയിട്ടുണ്ടോ? | | 2. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷ ന്റെ ധനസഹായത്തോടെ 8 ജില്ലകളിലായി 250 വനിതകൾക്കായി സംരംഭകത്വ വികസന പരിപാടികൾ .<br>3. സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷ ന്റെ ധനസഹായത്തോടെ കോഴിക്കോട് ജില്ലയിൽ ചക്കിട്ടപാറ കേന്ദ്രികരിച്ച് 25 ഗിരിവർഗ്ഗ വനിതാ സംരംഭകർക്കായി തയ്യൽ , എംബ്രോയിഡറി പരിശീലനം .<br>4. കയർ ബോർഡിൻറെ 'കയർ ഉദ്യമിയോജന' എന്ന പരിപാടിയിലൂടെ വായ്പയെടുക്കുവാൻ അർഹത നേടിയ 109 സംരംഭകർക്കായി 5 ദിവസം വീതമുള്ള രണ്ട് ബാച്ച് പരിശീലനപരിപാടികൾ ആലപ്പുഴ ജില്ലയിൽ കീഡ് സംഘടിപ്പിക്കുകയുണ്ടായി .<br>5. സാങ്കേതികത്വം പ്രോത്സാഹിപ്പിക്കുന്നതിനും നൂതന സാങ്കേതിക വിദ്യകൾ പരിചയപെടുത്തുന്നതിന്റെ യും ഭാഗമായി വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കലൂർ ഇൻറ്റർനാഷണൽ സ്റ്റേഡിയത്തിൽ 2018 ജനുവരി 12 മുതൽ 15 വരെ സംഘടിപ്പിച്ച മെഷിനറി എക്സ്പോയിൽ യന്ത്ര നിർമാതാക്കളെ പങ്കെടിപ്പിക്കുകയും യന്ത്ര നിർമാതാക്കളുടെ ഒരു ഡാറ്റ ബേസ് തയ്യാറാക്കുന്നതിനുള്ള നടപടികളും കീഡ് സ്വീകരിച്ചു വരുന്നു.<br>6. പാഠ്യപദ്ധതിയുടെ ഭാഗമായി സംരംഭകത്വ വികസനം വിദ്യാർത്ഥികളിലേയ്ക്ക് പകരുന്നതിനായി കളമശ്ശേരി ഗവൺമെന്റ് പോളി ടെക് നിക്കിൽ 26 / 12 / 2017 മുതൽ 5 ദിവസം കീഡ് സംഘടിപ്പിച്ച നൈപുണ്യ വികസന പരിപാടിയിൽ 38 വിദ്യാർത്ഥികൾ പങ്കെടുത്തു. ഇതിൽ 18 പേർ വിദ്യാർത്ഥിനികൾ ആയിരുന്നു .<br>7. സംരംഭകർക്ക് സാങ്കേതിക വിദ്യകൾ ലഭ്യമാക്കുന്നതിനായി വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും സാങ്കേതിക വിദ്യകൾ ശേഖരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**